# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 968 — 05.02.2020 ലെ മറുപടി

### തൃപ്പൂണിത്തുറയിലെ കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ് : | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൃപ്പൂണിത്തുറയിലെ കുടിവെള്ളവിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ചൂണ്ടിയിൽ നിർമ്മിക്കുന്ന സ്ഥിരം തടയണയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ;<br>(ബി) ഈ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് അറിയിക്കുമോ;<br>(സി) ഈ നിർമ്മാണത്തിനായി എത്ര തുകയാണ് ചെലവാക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (എ), (ബി) & (സി) തൃപ്പൂണിത്തുറയിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ചൂണ്ടിയിൽ നിർമ്മിക്കുന്ന രാമമംഗലം ചെക്ക് ഡാമിന്റെ 96 ശതമാനം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട് . പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം 31/03/2020 ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പ്രവൃത്തിക്ക് 7.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

SR
സെക്ഷൻ ഓഫീസർ